"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ ഹൈഡ്ര 825 മൊബൈൽ ക്രെയിനിന്റെ ഉപയോഗത്തിലേയ്ക്കായി 12 volt 80 AH മെയിന്റനൻസ് ഫ്രീ ഓട്ടോമോട്ടിവ് ബാറ്ററികൾ ബൈബാക്ക് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ഭരണാനുമതി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.849/2024/F&P    തീയതി,തിരുവനന്തപുരം, 05-12-2024

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25/11/2024 ലെ HOKMB-TVM/1617/2024-D1 (Tech) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബേപ്പൂർ തുറമുഖത്തെ ഹൈഡ്ര 825 മൊബൈൽ ക്രെയിനിന്റെ ബാറ്ററിയിൽ ചാർജ്ജ് നിൽക്കുന്നില്ലെന്നും ബാറ്ററിയുടെ വാറണ്ടി പിരിയഡ് തീർന്നതിനാൽ പുതിയ ബാറ്ററി മാറ്റി സ്ഥാപിക്കേണ്ടതാണെന്നും ആയതിനാൽ ക്രെയിനിന്റെ ഉപയോഗത്തിലേക്കായി രണ്ട് 12 volt 80 AH മെയിന്റനൻസ് ഫ്രീ ഓട്ടോമോട്ടിവ് ബാറ്ററികൾ ബൈബാക്ക് വ്യവസ്ഥയിൽ ലഭ്യമാക്കേണ്ടതുണ്ടെന്നും ആയത് ലഭ്യമാക്കുന്നതിനായി M/s EXO Batteries കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമായ 10,000/- രൂപയുടെ ബഡ്ജറ്ററി ഓഫർ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കോഴിക്കോട് തുറമുഖ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭ്യമായ 10,000/- രൂപയുടെ ബഡ്ജറ്ററി ഓഫർ അംഗീകരിച്ച് ഭരണാനുമതിയും ഫണ്ടും "5051-80-800-98-Augmentation of workshop and Stores Organisation-24-Materials and Supplies എന്ന പദ്ധതി ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബേപ്പൂർ തുറമുഖത്തെ ഹൈഡ്ര 825 മൊബൈൽ ക്രെയിനിന്റെ ബാറ്ററികൾ മാറ്റി പുതിയ രണ്ട് 12 volt 80 AH മെയിന്റനൻസ് ഫ്രീ ഓട്ടോമോട്ടിവ് ബാറ്ററികൾ ബൈബാക്ക് വ്യവസ്ഥയിൽ M/s EXO Batteries, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമായ 10,000/- (പതിനായിരം രൂപ മാത്രം) രൂപയുടെ ബഡ്ജറ്ററി ഓഫർ അംഗീകരിച്ച് ഭരണാനുമതി "5051-80- 800-98-Augmentation of workshop and Stores Organisation-

**24-Materials and Supplies** എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU V K**

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
സെക്ഷൻ ഓഫീസർ
Date: 05-12-2024 14:48:00